SRI. SURENDRAN

*7. [40] **Sri. R. K. Ram :** Will the Hon'ble Chief Minister be pleased to state the reasons that led to the arrest and subsequent the death of Sri. Kottarakara Surendran ?

Chief Minister **[Sri. T. K. Narayana Pillai] :** The matter is being enquired by the District Magistrate, Quilon.

കിണറ്റിൽ കണ്ട പ്രേതം

* വ്യ. (ര.ഫ) ശ്രീ. എം. കെ. മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ല്ലൂർ ലിറ്റിൽഫ്ളവർ റൈസുമില്ലിന്റെ കിണറ്റിൽനിന്നും ഫയർ ഓ ജൂലായി മറ്റ-ാംന- ഒരു ശവം കിട്ടുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ആ ശവം ആരുടേതായിരുന്നു;

(സി) ടിയാന്റെ മരണത്തെ സംബന്ധിച്ച് നാട്ടുകാരുടേയും സ്വന്തം ആളുകളുടെയും വല്ല ആക്ഷേപങ്ങളൊ മറ്റോ ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതേപ്പറ്റിയുള്ള അന്വേഷണം ഇപ്പോൾ ഏതുതരത്തിലിരിക്കുന്നു;

(ഇ) ചേർപ്പു പോലീസ് ഇൻസ്പെക്ടർ, തൃശ്ശൂർ സർക്കിൾ ഇൻസ്പെക്ടർ, എ. എസ്. പി. എന്നിവർ സംഭവത്തുവന്ന കമ്പനിക്കാരുടെ കയ്യിൽനിന്നും എടുത്തിട്ടുള്ള സ്റ്റേറ്റുമെൻറുകൾ പരസ്പരവിരുദ്ധങ്ങളാണെന്ന ബഹുമാനപ്പെട്ട മന്ത്രി മനസിലാക്കിയിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉവ്വ്.

(ബി) പാലക്കര കൊച്ചാപ്പുവിന്റെ.

(സി) ഉണ്ട്.

(ഡി) അന്വേഷണം കഴിഞ്ഞു. അപായകരമായ വിധത്തിൽ കിണറ്റിൽ വീണ വെള്ളത്തിൽ മുങ്ങിപ്പോയതാണ്, മരണത്തിനു കാരണമെന്നു തെളിഞ്ഞു.

(ഇ) ഇല്ല.

ദ്രനയക്കമ്മിറ്റിച്ചെലവു്

*ൻ. (ര.ന) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യുമിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ദ്രനയക്കമ്മറിയുടെ യോഗങ്ങൾക്കും സബ്കമ്മിറ്റി പരിപാടികൾക്കുംകൂടി ഇതുവരെ എത്ര രൂപയുടെ ഫയർ ഓ ജൂലായി മറ്റ-ാംന- വരെ ചെലവു വന്നിട്ടുണ്ടു്;

(ബി) ഈ കമ്മിറ്റിക്കു് ഒരു Full Time paid Secretary ഉണ്ടോ;

(സി) ഈ സെക്രട്ടറിക്കു് എന്തു ശമ്പളം കൊടുത്തുവരുന്നുണ്ടു്?

(ഡി) ഈ കമ്മറിയുടെ റിപ്പോർട്ടു സമർപ്പിക്കുന്ന കാലാവധി നീട്ടുവാൻ ഗവൺമെൻറു് ആലോചിക്കുന്നുണ്ടോ?

ധനകാര്യവും റവന്യുവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉദ്ദേശം നൂറ്റമ്പതു രൂപ.

(ബി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രതിമാസം ഒ ഏിരുപ.

(ഡി) കാലാവധി കിഴിച്ചപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് നീട്ടേണ്ട ആവശ്യം ഇല്ല.

ഡിലിമിറ്റേഷൻ കമ്മിറ്റിറിപ്പോർട്ട്

*ക്ഠ (ർന്ു) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇവിടത്തെ ഡിലിമിറ്റേഷൻ കമ്മിറ്റിറിപ്പോർട്ട് ഗവണ്മെൻറിനു കിട്ടിക്കഴിഞ്ഞോ എന്നും കിട്ടികഴിഞ്ഞെങ്കിൽ ഗവണ്മെൻറ് അതു സ്വീകരണം കഴിഞ്ഞോ എന്നും ദയവായി പറയാമോ;

(ബി) ഇതിനെ സംബന്ധിച്ചു പൊതുജനങ്ങളുടെ അഭിപ്രായമോ അസംബ്ലിയുടെ അഭിപ്രായമോ ഗവണ്മെൻറ് ആരായുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അതു് എപ്പോഴാണെന്നും പറയാമോ;

(സി) നിയോജകമണ്ഡലങ്ങൾ തിരിച്ചിരിക്കുന്നതു എങ്ങിനെയാണെന്നു് ദയവായി പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കിട്ടികഴിഞ്ഞു. ഗവണ്മെൻറ് ആ റിപ്പോർട്ട് ചില ഭേഗതികളോടുകൂടി ഇലക്ഷൻ കമ്മീഷനു് അയച്ചുകൊടുത്തിട്ടുണ്ടു്.

(ബി) ഇപ്പോഴത്തെ അസംബ്ളിയിൽതന്നെ ഈ റിപ്പോർട്ട് ബഹു. മെമ്പർമാരുടെ വാദപ്രതിവാദത്തിനുവേണ്ടി അവതരിപ്പിക്കുന്നുണ്ടു്.

(സി) നിയോജക മണ്ഡലങ്ങൾ തിരിച്ചിരിക്കുന്നതു് എങ്ങിനെയാണെന്നു് കാണിക്കുന്ന ലിസ്റ്റ് അസംബ്ളി മേശപ്പുറത്തു വച്ചിട്ടുണ്ടു്.

ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്റെ പ്രസ്താവന

*ക്ഠക്ഠ (ർ൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

'ആത്മാഭിമാനത്തോടെ ഉദ്യോഗം വഹിക്ക എന്നതു് തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ഇന്നസാദ്ധ്യം' എന്നു് ഒരു ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷൻ ഒരു പ്രസ്താവന ചെയ്തതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

ചോദ്യത്തിൽ വിവക്ഷിക്കുന്ന പ്രകാരം ഒരു പ്രസ്താവന നടന്നതായി ചില പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തതായി കാണുന്നുണ്ടു്. എന്നാൽ ആ ഉദ്യോഗസ്ഥൻതന്നെ താൻ അങ്ങനെ പ്രസ്താവിച്ചിട്ടില്ലെന്നു ഗവണ്മെൻറിനെ അറിയിക്കുകയും ആ വിവരം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

പൊതു ഒഴിവുദിവസം

*ക്ഠഖ. (ർ൭൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കൊച്ചി–തിരുവിതാംകൂർ സംയോജനം നടന്ന ജൂലൈ ഏ–ാംനു ഒരു പബ്ളിക്കു് ഒഴിവുദിവസമായി പ്രഖ്യാപിക്കണമെന്നു് ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ;

(ബി) അതിനെസംബന്ധിച്ചു് ഗവണ്മെൻറിനു് വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly